# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2721 10.12.2014 - ൽ മറുപടിയ്ക്ക്

## വിവരാവകാശ നിയമത്തിനു വിരുദ്ധമായ ഉത്തരവുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വിവരാവകാശ നിയമത്തെ മറികടക്കും വിധം, വിവരങ്ങൾ ലഭ്യമാക്കാതിരിക്കുന്നതിനുള്ള ഉത്തരവ് ജലവിഭവ വകുപ്പ് ഇറക്കിയിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് ആക്ടിന് വിരുദ്ധമാണോയെന്നു പരിശോധിക്കുന്നതിനും നിയമവിരുദ്ധമാണെങ്കിൽ ആയതു റദ്ദാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും | അന്തർ സംസ്ഥാന നദീജല വിഷയവുമായി ബന്ധപ്പെട്ട് കോടതിയിൽ നിലവിലുള്ള കേസുകളുടെ സുഗമമായ നടത്തിപ്പിനും അത്തരം കേസുകളിൽ സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിക്കപ്പെടണമെന്നുള്ള നല്ല ഉദ്ദേശത്തോടെയും വ്യക്തമായ നിയമോപദേശം ലഭ്യമാക്കിയശേഷം; അന്തർ സംസ്ഥാന ജല വിഷയവുമായി ബന്ധപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമ പ്രകാരം നൽകുന്നതിന് നിയന്ത്രണങ്ങളേർപ്പെടുത്തിക്കൊണ്ട് G.O.(MS) No.64/2014/WRD dated 22.07.2014 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>വിവിധ കോടതികളിൽ നിലവിലുള്ള കേസുകൾ തീർപ്പാക്കുന്നതുവരെ, സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിക്കപ്പെടാൻ പ്രസ്തുത നിയന്ത്രണം നിലനിർത്തേണ്ടതാവശ്യമാണ്. |

സെക്ഷൻ ഓഫീസർ